**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 879** **14-10-2026-ൽ മറുപടിയ്ക്ക്**

**<u>മഞ്ചേരി മണ്ഡലത്തിലെ കുടിവെള്ള പദ്ധതികളുടെ പുരോഗതിയും ജലസ്രോതസ്സുകളുടെ സംരക്ഷണവും</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എം. റഹമത്തുള്ള

ശ്രീ. മോൻസ് ജോസഫ്
(ജലവിഭവ - ഭവനനിർമ്മാണ വകുപ്പ് മന്ത്രി)

**(എ)** മഞ്ചേരി മണ്ഡലത്തിലെ മഞ്ചേരി നഗരസഭ, തൃക്കലങ്ങോട്, പാണ്ടിക്കാട്, എടപ്പറ്റ, ആനക്കയം എന്നീ തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിൽ രൂക്ഷമായിക്കൊണ്ടിരിക്കുന്ന കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനായി ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ള അടിയന്തര നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മഞ്ചേരി നഗരസഭയിൽ അമൃത് (AMRUT), KIIFB, State Plan പദ്ധതികൾ പ്രകാരവും തൃക്കലങ്ങോട്, പാണ്ടിക്കാട്, എടപ്പറ്റ, ആനക്കയം എന്നീ ഗ്രാമപഞ്ചായത്തുകളിൽ ജൽ ജീവൻ മിഷൻ (JJM) പദ്ധതി പ്രകാരവുമുള്ള വിവിധ സമഗ്ര ശുദ്ധജല വിതരണ പ്രവൃത്തികൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദമായ പുരോഗതി വിവരങ്ങൾ അനുബന്ധം 1 ആയി ചേർക്കുന്നു. കൂടാതെ നിലവിലുള്ള ജലവിതരണ ശൃംഖലകളിലെ ചോർച്ചകൾ അടിയന്തരമായി പരിഹരിച്ചും പമ്പിംഗ് കാര്യക്ഷമമാക്കിയും ശുദ്ധജല വിതരണം ഉറപ്പുവരുത്തുന്നുണ്ട്.

**(ബി)** മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കിവരുന്ന ജൽ ജീവൻ മിഷൻ/ അമൃത് കുടിവെള്ള പദ്ധതികളുടെ നിലവിലെ പുരോഗതികൾ പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ; പദ്ധതി പൂർത്തീകരണത്തിനു നേരിടുന്ന തടസ്സങ്ങൾ പരിഹരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** മഞ്ചേരി മണ്ഡലത്തിൽ നിലവിൽ നടപ്പിലാക്കി വരുന്ന KIIFB/അമൃത്/ജൽ ജീവൻ മിഷൻ/State Plan കുടിവെള്ള പദ്ധതികളുടെ പഞ്ചായത്ത് തിരിച്ചുള്ള വിശദമായ പുരോഗതി വിവരങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു. പൈപ്പ് ലൈനുകൾ സ്ഥാപിക്കുന്നതിന് പൊതുമരാമത്ത് വകുപ്പ് (PWD) ഉൾപ്പെടെയുള്ള വിവിധ വകുപ്പുകളിൽ നിന്നും റോഡ് കട്ടിംഗ് പെർമിഷൻ (Road Cutting Permission) ലഭ്യമാക്കുന്നതിലുണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിനായി ജില്ലാ വികസന സമിതി (DDC), ജില്ലാ ജല-ശുചിത്വ മിഷൻ (DWSM) എന്നിവയിൽ വിഷയം അവതരിപ്പിച്ചും ബന്ധപ്പെട്ട വകുപ്പുകളുടെ സംയുക്ത യോഗങ്ങൾ സംഘടിപ്പിച്ചും നടപടികൾ വേഗത്തിലാക്കി വരുന്നു.

**(സി)** കടലുണ്ടി പുഴയെ ആശ്രയിച്ച് മഞ്ചേരി മണ്ഡലത്തിൽ പ്രവർത്തിക്കുന്ന വിവിധ കുടിവെള്ള പദ്ധതികൾക്ക് വേനൽക്കാലത്ത് ജലലഭ്യത ഉറപ്പുവരുത്തുന്നതിനായി പുതിയ തടയണകൾ/ റഗുലേറ്ററുകൾ നിർമ്മിക്കുന്നതിനും നിലവിലുള്ളവയുടെ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് വ്യക്തമാക്കാമോ;

**മറുപടി:** മഞ്ചേരി നിയോജക മണ്ഡലത്തിലെ പാണ്ടിക്കാട്, കീഴാറ്റൂർ പഞ്ചായത്തുകളിലെ കാർഷിക ആവശ്യത്തിനും, കുടിവെള്ള പദ്ധതികൾക്ക് വേനൽക്കാലത്ത് ജലലഭ്യത ഉറപ്പ് വരുത്തുന്നതിനുമായി ഒറവംപുറം പാലത്തിന് താഴ്ഭാഗത്തായി തടയണ നിർമ്മാണത്തിനായിട്ടുള്ള 11 കോടി രൂപയുടെ Construction of Check Dam across Kadalundi River at down stream of Oruvamburam Bridge in Pandikkad Panchayath in Malappuram District എന്ന പ്രവൃത്തിയുടെ വിശദ പദ്ധതി റിപ്പോർട്ട് 2026-27 വർഷത്തിലെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ (ഭരണാനുമതിയില്ലാത്ത മരാമത്തു പണികൾ) 100 രൂപ ടോക്കണിൽ (Sl No.501) ആയി ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ മഞ്ചേരി നിയോജക മണ്ഡലത്തിലെ എടപ്പറ്റ ഗ്രാമ പഞ്ചായത്തിലെ മരുതക്കുണ്ടിൽ തെക്കുംപുറം VCB കം ബ്രിഡ്ജിന് താഴ്ഭാഗത്തായി ഒലിപ്പുഴയ്ക്ക് കുറുകെ തടയണ നിർമ്മാണത്തിനായി തയ്യാറാക്കിയ 150.3 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ്, ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ്.

**(ഡി)** മഞ്ചേരി മണ്ഡലത്തിലെ പഴക്കമുള്ള കുടിവെള്ള വിതരണ പൈപ്പ് ലൈനുകൾ മാറ്റിസ്ഥാപിക്കുന്നതിനും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റുകളുടെ ശേഷി വർദ്ധിപ്പിക്കുന്നതിനുമായി പുതിയ ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ?

**മറുപടി:** ഇല്ല

**സെക്ഷൻ ഓഫീസർ**

Annexure A

| L A 879 A | | | | | | | |
|---|---|---|---|---|---|---|---|
| (എ, ബി) | മഞ്ചേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികളുടെ പുരോഗതി താഴെ ചേർക്കുന്നു. | | | | | | |
| **ക്രമ നമ്പർ** | **പഞ്ചായത്ത്** | **ഫിനാൻഷ്യൽ ഹെഡ്** | **ഭരണാനുമതി തുക (ലക്ഷത്തിൽ)** | **ഭരണാനുമതി ലഭിച്ച വർഷം** | **സാങ്കേതികാനുമതി തുക (ലക്ഷത്തിൽ)** | **പ്രവൃത്തിയുടെ പേര്** | **നിലവിലെ അവസ്ഥ** |
| 1 | മഞ്ചേരി മുനിസിപ്പാലിറ്റി | കിഫ്ബി | 7258.00 | 2018.00 | 2759.00 | കിഫ്ബിയിൽ ഭരണാനുമതി ലഭിച്ച മഞ്ചേരി സബ് അർബൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പാക്കേജ് 1 ൽ ഉൾപ്പെട്ട ജലശുദ്ധീകരണശാല, ട്രാൻസ്ഫോർമറും, ട്രാൻസ്ഫോർമർ ബിൽഡിംഗ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ബൂസ്റ്റർ സമ്പ്, പമ്പ് സെറ്റ് എന്നിവയുടെ നിർമ്മാണം | പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. |
| | | | | | 4396.00 | പാക്കേജ് 2 ൽ ഉൾപ്പെട്ട ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവയുടെ പ്രവൃത്തി | വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിതരണ ശൃംഖലക്കാവശ്യമായ ഡി.ഐ പൈപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. വിതരണ ശൃംഖല സ്ഥാപിക്കാനാവശ്യമായ പി.വി.സി പൈപ്പുകൾ പൂർണമായും വിതരണം ചെയ്ത് സ്ഥാപിക്കാൻ ബാക്കിയുണ്ട്. |
| | | | 1689.00 | 2018.00 | 1664.00 | കിഫ്ബിയിൽ ഭരണാനുമതി ലഭിച്ച മഞ്ചേരി മുനിസിപ്പാലിറ്റിയിലെ കാലപ്പഴക്കം ചെന്ന എ.സി പൈപ്പുകൾ മാറ്റി ഡി.ഐ പൈപ്പ് ആക്കി മാറ്റുന്ന പ്രവൃത്തി | 90% പൂർത്തീകരിക്കുകയും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പ്രവൃത്തി ഷോർട്ട്ക്ലോസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| 2 | മഞ്ചേരി മുനിസിപ്പാലിറ്റി | അമൃത് | 2610.787 | 2024 | 2320.51 | അമൃത് 2.0 – മഞ്ചേരി മുനിസിപ്പാലിറ്റി – മഞ്ചേരിയിലേക്ക് UWSS വർദ്ധിപ്പിക്കൽ – യൂണിറ്റി കോളേജ് സോണിൽ OHSR നിർമ്മാണം, | 36% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 3 | മഞ്ചേരി മുനിസിപ്പാലിറ്റി | സ്റ്റേറ്റ് പ്ലാൻ | 66.60 | 19.08.2024 | 66.60 | സ്റ്റേറ്റ് പ്ലാൻ മഞ്ചേരി സബ് അർബൻ കുടിവെള്ള പദ്ധതി– പയ്യനാട്–തടപ്പറമ്പ് ഭാഗത്തേക്കുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 100% പൂർത്തീകരിച്ചിട്ടുണ്ട് |

| | | | | | | | |
|---|---|---|---|---|---|---|---|
| 4 | മഞ്ചേരി മുനിസിപ്പാലിറ്റി | സ്റ്റേറ്റ് പ്ലാൻ | 311.9 | 2022 | 311.9 | മഞ്ചേരിയിലേക്ക് യു.ഡബ്ല്യു.എസ്.എസ്. - കോട്ടക്കുണ്ട് കോളനി, പകൽ വീട്, മഞ്ചേരി മുനിസിപ്പാലിറ്റിയിലെ മംഗലശ്ശേരിയിലെ പബ്ലിക് ഹെൽത്ത് സെന്റർ, ഗുഡ് ഹോപ്പ് സ്കൂൾ (ബഡ്സ് സ്കൂൾ) എന്നിവിടങ്ങളിലെ ഉയർന്ന പ്രദേശങ്ങളിലേക്ക് ഒ.എച്ച്.എസ്.ആർ. തടപ്പറമ്പിൽ നിന്ന് പ്രത്യേക ലൈൻ നൽകുന്നു. | 20% പ്രവൃത്തി പൂർത്തീകരിച്ചു |
| 5 | | | | | 5943.00 | **പാക്കേജ് - 1 -** കിണറും പമ്പ് ഹൗസും, 31 mld ജല ശുദ്ധീകരണ ശാല, 23 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി എന്നിവയുടെ നിർമ്മാണവും, കമ്മീഷനിംഗം, പരിപാലനവും - ഇലക്ട്രോ മെക്കാനിക്കൽ വർക്ക്, റോ വാട്ടർ | കിണറിന്റെയും, ജല ശുദ്ധീകരണ ശാലയുടെയും, റോ വാട്ടർ പമ്പിംഗ് മെയിനിന്റെയും പ്രവൃത്തി പുരോഗമിച്ചു വരുന്നു. 30% പ്രവൃത്തി പൂർത്തീകരിച്ചു. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. |
| 6 | | | | | 11577.00 | പാക്കേജ് - 2 - തൃക്കലങ്ങോട് പഞ്ചായത്തിൽ ഉന്നതതല ജല സംഭരണി നിർമ്മിച്ച് പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല എന്നിവ സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി | വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 55% പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | | | | 18.09.2021 (30642) | 7469.00 | പാക്കേജ് - 4 - പാണ്ടിക്കാട് പഞ്ചായത്തിൽ ഉന്നതതല ജല സംഭരണിയും, ഭൂതല ജല സംഭരണിയും നിർമ്മിച്ച് ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല എന്നിവ സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി - ജനറൽ സിവിൽ വർക്ക് | വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 60% പ്രവൃത്തി പൂർത്തീകരിച്ചു |
| 8 | തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് | ജൽ ജീവൻ മിഷൻ | 42242.00 | | 2810.00 | പാക്കേജ് - 5 - കന്നുംപുറത്ത് ക്ലിയർ വാട്ടർ പമ്പ് സെറ്റ് വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി | പമ്പ് സെറ്റ് വിതരണം ചെയ്തിട്ടുണ്ട്. |

| | | | | | | | |
|---|---|---|---|---|---|---|---|
| 9 | | | | 26.102023 (11600) | 11600.00 | റീ അപ്രോപ്രിയേഷൻ - തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് പഞ്ചായത്തിലെ ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയും റോഡ് പുനരുദ്ധാരണ പ്രവൃത്തികളും | 35% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 10 | എടപ്പറ്റ | ജൽ ജീവൻ മിഷൻ | 38357 | 2022 | 3,483.00 | -പാക്കേജ് VI - 1) പുളിയക്കോട് 14LL GLSR നിർമ്മാണം 2) FHTC യുടെ 5485 നമ്പർ ലഭ്യമാക്കൽ 3) എടപ്പറ്റ ഗ്രാമപഞ്ചായത്തിൽ പമ്പിംഗ്, വിതരണ ശൃംഖല സ്ഥാപിക്കൽ-പൈപ്പ് ലൈൻ പ്രവൃത്തി | 55% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 11 | | | | | 19.7 | പാക്കേജ് VI - 1. പുളിയക്കോട് 14LL GLSR ൻ്റെ നിർമ്മാണം 2) FHTC യുടെ 5485 നമ്പർ നൽകുന്നു 3) എടപ്പറ്റ ഗ്രാമപഞ്ചായത്തിലെ പമ്പിംഗ്, വിതരണ ശൃംഖല സ്ഥാപിക്കൽ-അധിക ജോലി | 1% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 12 | പാണ്ടിക്കാട് | ജൽ ജീവൻ മിഷൻ | 8.4 | 2020 | 8.4 | JJM-മലപ്പിലെ പാണ്ടിക്കാട് പഞ്ചായത്തിലെ FHTC-കൾ നൽകുന്നു[പ്പുരം ജില്ല ഘട്ടം. I | 100% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 13 | ആനക്കയം | ജൽ ജീവൻ മിഷൻ | 2653 | 2020 | 2510 | റിട്രോഫിറ്റിംഗ്/വർദ്ധന - എഫ്എച്ച്ടിസികൾ നൽകൽ, 350 എംഎം എസി, 355 എംഎം പിവിസി പൈപ്പുകൾ മാറ്റിസ്ഥാപിക്കൽ, ഫിൽറ്റർ ബെഡ് ഡ്യുവൽ മീഡിയ ഉപയോഗിച്ച് | 99% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 14 | | | 2697 | 2022 | 809 | ജൽ ജീവൻ മിഷൻ (ജെജെഎം)-ഘട്ടം II - യുഡബ്ല്യുഎസ്എസ് മുതൽ ആനക്കയം-ജെജെഎം രണ്ടാം ഘട്ടം- പാക്കേജ് 2എ- 5.0 എംഎൽഡി ഡബ്ല്യുടിപിയുടെയും അനുബന്ധ പ്രവൃത്തികളുടെയും നിർമാണം, ആനക്കയം പഞ്ചായത്തിലെ 7.2 എൽഎൽ ഒഎച്ച്എസ്ആർ-പൈപ്പ് ലൈൻ പ്രവൃത്തി | 2% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 15 | | | | | 248.6 | ജൽ ജീവൻ മിഷൻ (ജെജെഎം)-2-ഘട്ടം-യുഡബ്ല്യുഎസ്എസ് മുതൽ ആനക്കയം വരെ-യുഡബ്ല്യുഎസ്എസ് മുതൽ ആനക്കയം വരെ മെച്ചപ്പെടുത്തൽ-ആനക്കയം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഒന്നാംഘട്ട എഫ്എച്ച്ടിസികൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള പദ്ധതികളിൽ നിന്ന് വിതരണ ലൈനുകൾ നീട്ടൽ. | 99% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 16 | | | | | 850 | JJM-ഘട്ടം II-UWSS മുതൽ ആനക്കയം വരെ -പാക്കേജ് c : ആനക്കയം പഞ്ചായത്തിൽ വിതരണ സംവിധാനങ്ങൾ സ്ഥാപിക്കൽ-പൈപ്പ് ലൈൻ പ്രവൃത്തി | 30% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 17 | | | | | 745 | ജെജെഎം-ഫേസ് II-യുഡബ്ല്യുഎസ്എസ് മുതൽ ആനക്കയം വരെ-ജെജെഎം ഫേസ് II-300 എംഎം ഡിഐ പമ്പിംഗ് മെയിൻ സ്ഥാപിക്കലും കമ്മീഷൻ ചെയ്യലും, പമ്പ്സെറ്റുകൾ സ്ഥാപിക്കലും കമ്മീഷൻ ചെയ്യലും, സിഡബ്ല്യുപിഎം സ്ഥാപിക്കലും. ആനക്കയത്ത് ജിപി-പൈപ്പ്‌ലൈൻ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ. | 1% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

| | | | | | | | |
|---|---|---|---|---|---|---|---|
| 18 | | | | | 97.9679302 | ജൽ ജീവൻ മിഷൻ (ജെജെഎം)-രണ്ടാംഘട്ടം-യുഡബ്ല്യുഎസ്എസ് മുതൽ ആനക്കയം വരെ-ആനക്കയം വരെ മെച്ചപ്പെടുത്തൽ-ജെജെഎം രണ്ടാംഘട്ടം- ആനക്കയം പഞ്ചായത്തിലെ ആലുംകുന്ന് ഭാഗത്ത് ജലവിതരണം മെച്ചപ്പെടുത്തൽ-പൈപ്പ് ലൈൻ പ്രവൃത്തി | 100% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 19 | | | | | 2.578 | ആനക്കയം ഗ്രാമപഞ്ചായത്തിലെ നിർദ്ദിഷ്ട ഡബ്ല്യൂടിപി സൈറ്റിലെ മണ്ണ് പരിശോധന | 100% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |

# Annexure B

| LA 879 ബി) | മഞ്ചേരി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്ന കുടിവെള്ള പദ്ധതികളുടെ പുരോഗതി താഴെ ചേർക്കുന്നു. | | | | | | |
|---|---|---|---|---|---|---|---|
| **ക്രമ നമ്പർ** | **പഞ്ചായത്ത്** | **ഫിനാൻഷ്യൽ ഹെഡ്** | **ഭരണാനുമതി തുക (ലക്ഷത്തിൽ)** | **ഭരണാനുമതി ലഭിച്ച വർഷം** | **സാങ്കേതികാനുമതി തുക (ലക്ഷത്തിൽ)** | **പ്രവൃത്തിയുടെ പേര്** | **നിലവിലെ അവസ്ഥ** |
| **1** | മഞ്ചേരി മുനിസിപ്പാലിറ്റി | അമൃത് 2.0<br>-- | 2610.8 | 2024 | 2320.51 | അമൃത് 2.0 – മഞ്ചേരി മുനിസിപ്പാലിറ്റി – മഞ്ചേരിയിലേക്ക് UWSS വർദ്ധിപ്പിക്കൽ – യൂണിറ്റി കോളേജ് സോണിൽ OHSR നിർമ്മാണം, | 30% പ്രവൃത്തി പൂർത്തീകരിച്ചു |
| 2 | മഞ്ചേരി മുനിസിപ്പാലിറ്റി | സ്റ്റേറ്റ് പ്ലാൻ | 66.60 | 19.08.2024 | 66.60 | സ്റ്റേറ്റ് പ്ലാൻ മഞ്ചേരി സബ് അർബൻ കുടിവെള്ള പദ്ധതി– പയ്യനാട്-തടപ്പറമ്പ് ഭാഗത്തേക്കുള്ള കുടിവെള്ള പദ്ധതി വിപുലീകരണം | 100% പൂർത്തീകരിച്ചിട്ടുണ്ട് |
| 3 | മഞ്ചേരി മുനിസിപ്പാലിറ്റി | സ്റ്റേറ്റ് പ്ലാൻ | 311.9 | 2022 | 311.9 | മഞ്ചേരിയിലേക്ക് യു.ഡബ്ല്യു.എസ്.എസ്. – കോട്ടക്കുണ്ട് കോളനി, പകൽ വീട്, മഞ്ചേരി മുനിസിപ്പാലിറ്റിയിലെ മംഗലശ്ശേരിയിലെ പബ്ലിക് ഹെൽത്ത് സെന്റർ, ഗുഡ് ഹോപ്പ് സ്കൂൾ (ബഡ്സ് സ്കൂൾ) എന്നിവിടങ്ങളിലെ ഉയർന്ന പ്രദേശങ്ങളിലേക്ക് ഒ.എച്ച്.എസ്.ആർ. തടപ്പറമ്പിൽ നിന്ന് പ്രത്യേക ലൈൻ നൽകുന്നു. | 20% പ്രവൃത്തി പൂർത്തീകരിച്ചു |
| 4 | മഞ്ചേരി മുനിസിപ്പാലിറ്റി | കിഫ്ബി | 7258.00 | 2018.00 | 2759.00 | കിഫ്ബിയിൽ ഭരണാനുമതി ലഭിച്ച മഞ്ചേരി സബ് അർബൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായുള്ള പാക്കേജ് 1 ൽ ഉൾപ്പെട്ട ജലശുദ്ധീകരണശാല, ട്രാൻസ്ഫോർമറും, ട്രാൻസ്ഫോർമർ ബിൽഡിംഗ്, റോ വാട്ടർ പമ്പിംഗ് മെയിൻ, ബൂസ്റ്റർ സമ്പ്, പമ്പ് സെറ്റ് എന്നീവയുടെ നിർമ്മാണം | പ്രവൃത്തി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തിട്ടുണ്ട്. |
| | | | | | 4396.00 | പാക്കേജ് 2 ൽ ഉൾപ്പെട്ട ക്ലിയർ വാട്ടർ പമ്പിംഗ് മെയിൻ ക്ലിയർ വാട്ടർ ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി എന്നിവയുടെ പ്രവൃത്തി | വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തി ഒഴികെയുള്ള പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. വിതരണ ശൃംഖലക്കാവശ്യമായ ഡി.ഐ പൈപ്പുകൾ വിതരണം ചെയ്തിട്ടുണ്ട്. വിതരണ ശൃംഖല സ്ഥാപിക്കാനാവശ്യമായ പി.വി.സി പൈപ്പുകൾ പൂർണമായും വിതരണം ചെയ്ത് സ്ഥാപിക്കാൻ ബാക്കിയുണ്ട്. |
| | | | 1689.00 | 2018.00 | 1664.00 | കിഫ്ബിയിൽ ഭരണാനുമതി ലഭിച്ച മഞ്ചേരി മുനിസിപ്പാലിറ്റിയിലെ കാലപ്പഴക്കം ചെന്ന എ.സി പൈപ്പുകൾ മാറ്റി ഡി.ഐ പൈപ്പ് ആക്കി മാറ്റുന്ന പ്രവൃത്തി | 90% പൂർത്തീകരിക്കുകയും ബഹു. കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം പ്രവൃത്തി ഷോർട്ട്ക്ലോസ് ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| **5** | തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് | ജൽ ജീവൻ മിഷൻ | 42242.00 | 18.09.2021 | 5943.00 | **പാക്കേജ് – 1 –** കിണറും പമ്പ് ഹൗസും, 31 mld ജല ശുദ്ധീകരണ ശാല, 23 ലക്ഷം ലിറ്റർ സംഭരണ ശേഷിയുള്ള ഉന്നതതല ജല സംഭരണി എന്നിവയുടെ നിർമ്മാണവും, കമ്മീഷനിംഗും, പരിപാലനവും – ഇലക്ട്രോ മെക്കാനിക്കൽ വർക്ക്, റോ വാട്ടർ പമ്പിംഗ് മെയിൻ സ്ഥാപിച്ച് ടെസ്റ്റിംഗ്, കമ്മീഷൻ എന്നീ പ്രവൃത്തിയും. | കിണറിന്റെയും, ജല ശുദ്ധീകരണ ശാലയുടെയും, റോ വാട്ടർ പമ്പിംഗ് മെയിനിന്റെയും പ്രവൃത്തി പുരോഗമിച്ചു വരുന്നു. 30% പ്രവൃത്തി പൂർത്തീകരിച്ചു. ബാക്കിയുള്ള പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു. |
| 6 | | | | | 11577.00 | പാക്കേജ് – 2 – തൃക്കലങ്ങോട് പഞ്ചായത്തിൽ ഉന്നതതല ജല സംഭരണി നിർമ്മിച്ച് പമ്പിംഗ് മെയിൻ, ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല എന്നിവ സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി | വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 55% പ്രവൃത്തി പൂർത്തീകരിച്ചു |
| 7 | | | | | 7469.00 | പാക്കേജ് – 4 – പാണ്ടിക്കാട് പഞ്ചായത്തിൽ ഉന്നതതല ജല സംഭരണിയും, ഭൂതല ജല സംഭരണിയും നിർമ്മിച്ച് ഗ്രാവിറ്റി മെയിൻ, വിതരണ ശൃംഖല എന്നിവ സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി – ജനറൽ സിവിൽ വർക്ക് | വിതരണ ശൃംഖല സ്ഥാപിച്ച് ഗാർഹിക കണക്ഷൻ നൽകുന്ന പ്രവൃത്തി പുരോഗമിക്കുന്നു. 60% പ്രവൃത്തി പൂർത്തീകരിച്ചു |
| | | | | | 2810.00 | പാക്കേജ് – 5 – കുന്നുംപുറത്ത് ക്ലിയർ വാട്ടർ പമ്പ് സെറ്റ് വിതരണം ചെയ്ത് സ്ഥാപിച്ച് കമ്മീഷൻ ചെയ്യുന്ന പ്രവൃത്തി | പമ്പ് സെറ്റ് വിതരണം ചെയ്തിട്ടുണ്ട്. |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | 26.10.2023 | 11600.00 | റീ അപ്രോപ്രിയേഷൻ – തൃക്കലങ്ങോട്, പോരൂർ, പാണ്ടിക്കാട് പഞ്ചായത്തിലെ ബാക്കിയുള്ള വിതരണ ശൃംഖല സ്ഥാപിക്കുന്ന പ്രവൃത്തിയും റോഡ് പുനരുദ്ധാരണ പ്രവൃത്തികളും | 35% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| **8** | കീഴാറ്റൂർ | | 40371.73 | 13.05.2022 | 9120.00 | പാക്കേജ് 2 – ജൽ ജീവൻ മിഷൻ– വെട്ടത്തൂർ, കീഴാറ്റൂർ, മലാറ്റൂർ പഞ്ചായത്തുകൾക്ക വേണ്ടിയുള്ള കുടിവെള്ള വിതരണ പദ്ധതി – വിതരണ പൈപ്പ് ലൈൻ സ്ഥാപിച്ച് കീഴാറ്റൂർ ഗ്രാമപഞ്ചായത്തി നായുള്ള ഗാർഹിക കുടിവെള്ള കണക്ഷൻ നൽകുന്ന പ്രവൃത്തി | 40% പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. |
| 9 | എടപ്പറ്റ | JJM | 38357 | 2022 | 3483 | ജെൽ ജീവൻ മിഷൻ –വണ്ടൂർ , തുവ്വൂർ , കാളികാവ് , കരുവാരകുണ്ട് & എടപ്പറ്റ സമഗ്ര കുടിവെള്ള പദ്ധതി പാക്കേജ് VI – 1) പുളിയക്കോട് 2–ൽ 14LL GLSR–ന്റെ നിർമ്മാണം) 5485 FHTC 3–ന്റെ നമ്പർ നൽകുന്നു) ഇടപ്പട്ട ഗ്രാമപഞ്ചായത്ത്–പൈപ്പ്ലൈൻ വർക്കിൽ പമ്പിംഗം വിതരണ ശൃംഖലയും സ്ഥാപിക്കുന്നു | (101.224 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചു) 51% തുടരുന്നു |
| 10 | എടപ്പറ്റ | | | | 19.7 | ജെൽ ജീവൻ മിഷൻ –വണ്ടൂർ , തുവ്വൂർ , കാളികാവ് , കരുവാരകുണ്ട് & എടപ്പറ്റ സമഗ്ര കുടിവെള്ള പദ്ധതി പാക്കേജ് VI – 1.പുളിയക്കോട് 2–ൽ 14LL GLSR–ന്റെ നിർമ്മാണം) 5485 FHTC 3–ന്റെ നമ്പർ നൽകുന്നു) ഇടപ്പട്ട ഗ്രാമപഞ്ചായത്ത്–എക്സ്ട്രാ വർക്കിൽ പമ്പിംഗം വിതരണ ശൃംഖലയും സ്ഥാപിക്കുന്നു | 1% തുടരുന്നു |
| 11 | പാണ്ടിക്കാട് | | 8.4 | 2020 | 8.4 | ജെജെഎം–പ്രൊവൈഡിംഗ് എഫ്എച്ച്ടിസി, പാണ്ടിക്കാട് പഞ്ചായത്തിൽ ഘട്ടം.I | 100% പ്രവൃത്തി പൂർത്തീകരിച്ചു |